# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2362 14.06.2019- ൽ മറുപടിക്ക്

## പേപ്പർകപ്പ് നിർമ്മാണ യൂണിറ്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| എ) | പേപ്പർ കപ്പുകൾ നിരോധിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഉള്ള നടപടികളെത്തുടർന്ന് ഇവ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ പ്രതിസന്ധി യിലായിട്ടുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | എ) | വ്യവസായ വകുപ്പ് നാളിതുവരെ പേപ്പർ കപ്പ് നിർമ്മാണ യൂണിറ്റുകൾ നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഇത്തരം യൂണിറ്റുകൾ പ്രതിസന്ധി യിലായിട്ടുണ്ടെന്നുള്ള കാര്യം വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ, തദ്ദേശ സ്വയംഭരണ വകുപ്പ് ഖരമാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന്റെ ഭാഗമായും സംസ്ഥാനത്ത് പേപ്പർ കപ്പുകളുടെ ഉപയോഗം നിയന്ത്രിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്ത് സഹായമാണ് പ്രസ്തുത യൂണിറ്റു കൾക്ക് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ ? | ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ